LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

159 (848) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലേക്ക് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം പഞ്ചായത്തുകളിലാണ് വിനിയോഗിച്ചത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 101.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാഗലശ്ശേരി, കൊപ്പം, അകത്തേതറ, കപ്പൂർ, കുമരനല്ലൂർ പഞ്ചായത്തുകളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലുമാണ് തുക വിനിയോഗിച്ചത്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

160 (849) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര കുളങ്ങൾ നവീകരിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ കുളത്തിനും എത്ര തുക വീതം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആകെ 194 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. നവീകരിച്ച കുളങ്ങൾ, നവീകരിക്കാൻ ബാക്കിയുള്ള കുളങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* അതിർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച തടസ്സം, പൊതുജനങ്ങളുടെ എതിർപ്പ്, പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാകാത്തത് എന്നിവ നിമിത്തമാണ് പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തത്.

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കുറുപ്പടി പഞ്ചായത്തിന് കീഴിലുള്ള പടിക്കലപ്പാറം ഗീത ചിറയുടെ പ്രവൃത്തി പൂർത്തിയായി. ഇതിനായി 9,49,355 രൂപ ചെലവഴിച്ചു.

എസ്.എൽ.എസ്.സി. കുടിവെള്ള പദ്ധതികൾ

161 (850) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച പുതിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശം നിലവിലെ സാഹചര്യം എന്നിവ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.ആർ.ഡി.ഡബ്ല്യു.പി.-2011- പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയുടെ 11-5-2014-ലെ KWA/HO/

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly